## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5567 — 27.03.2018-ൽ മറുപടിയ്ക്ക്.

### മുതുകുളം പഞ്ചായത്തിലെ ഉമ്മർമുക്ക് കണ്ണാട്ട് സംഗമം റോഡിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ ആസ്തിവികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച മുതുകുളം പഞ്ചായത്തിലെ ഉമ്മർമുക്ക് കണ്ണാട്ട് സംഗമം റോഡിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | മുതുകുളം പഞ്ചായത്തിലെ ഉമ്മർമുക്ക് കണ്ണാട്ട് മുക്ക് റോഡ് എന്ന പ്രവൃത്തിക്ക് 1,00,00,000/- രൂപ ഭരണാനുമതി നല്കിയിരുന്നു. ഇതിലേക്കായുള്ള ഫണ്ട് 66.35 ലക്ഷം രൂപ 2016-17 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും, ബാക്കിയുള്ള 33.65 ലക്ഷം രൂപ 2017-18 ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച നൽകാവുന്നതാണെന്നും ഭരണാനുമതി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി ഒരു കോടി രൂപ ഡെപ്പോസിറ്റ് ചെയ്യണമെന്ന് ആലപ്പുഴ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും 33.65 ലക്ഷം രൂപ മാത്രമേ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളു. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി 66.35 ലക്ഷം രൂപ കൂടി ആലപ്പുഴ നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ ഡി.ഡി.ഒ കോഡായ 06-01-59 സി-ൽ "8443-00-108 പി.ഡബ്ള്യൂ ഡെപ്പോസിറ്റ്" എന്ന കണക്ക് ശീർഷകത്തിൽ അടിയന്തിരമായി |
| (ബി) | പ്രസ്തുത വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ടോ; പ്രസ്തുത വർക്കിന്റെ നിർവ്വഹണത്തിനാവശ്യമായ തുക എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം പി ഡബ്ല്യൂ ഡി വകുപ്പിന് കൈമാറിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | ഡെപ്പോസിറ്റ് ചെയ്യേണ്ടതുണ്ട്. 66.35 ലക്ഷം രൂപ കൂടി ഡെപ്പോസിറ്റ് ചെയ്ത് ലഭിച്ചാൽ മാത്രമേ ടി പ്രവൃത്തി ടെണ്ടർ ചെയ്ത് നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഉണ്ടെങ്കിൽ എത്ര രൂപയാണ് കൈമാറിയിട്ടുള്ളത്; ഇല്ലെങ്കിൽ ഇതിന്റെ കാരണമെന്താണ്; ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മുഴുവൻ തുകയും അടിയന്തരമായി പി ഡബ്ല്യു ഡി വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഭരണാനുമതി നല്കിയ തുകയിൽ 33.65 ലക്ഷം രൂപ പി.ഡബ്ല്യു.ഡി നിരത്ത് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മുഴുവൻ തുകയും പി.ഡബ്യു.ഡിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.. |

സെക്ഷൻ ഓഫീസർ